4. രോഗവ്യാപ്തി, നിർണ്ണയം, പരിശീലനപദ്ധതികൾ, ശമ്പളം തുടങ്ങിയവ—130.35 ലക്ഷം.

5. വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുടെ ചിലവ്—0.42 ലക്ഷം.

എയ്ഡ്സ് ബാധിതരുടെ കണക്ക്

114 [3812] *ശ്രീ ഡി. സുഗതൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1990 മുതൽ 2004 വരെ എത്ര ആളുകൾക്ക് എയ്ഡ്സ് ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആയതിൽ എത്ര പുരുഷൻമാർ, എത്ര സ്ത്രീകൾ, എത്ര കുട്ടികൾ എന്ന് വ്യക്തമാക്കാമോ;

(സി) 1990 മുതൽ 2004 വരെ എത്ര പേർ എയ്ഡ്സ്മൂലം മരണപ്പെട്ടുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003 പേർക്ക് എയ്ഡ്സ് ബാധിച്ചതായി സ്ഥിതീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

1990 മുതൽ 1994 മേയ് വരെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

1994 ജൂൺ മുതൽ 2004 വരെയുള്ളത്

തിരുവനന്തപുരം	. . .	249
കൊല്ലം	. .	80
പത്തനംതിട്ട	. .	110
ആലപ്പുഴ	. .	92
കോട്ടയം	. .	156
ഇടുക്കി	. .	52
എറണാകുളം	. .	47
തൃശ്ശൂർ	. .	351
പാലക്കാട്	. .	80
മലപ്പുറം	. .	65
കോഴിക്കോട്	. .	297
വയനാട്	. .	31
കണ്ണൂർ	. .	273
കാസർഗോഡ്	. .	34
ആകെ	. .	2003

GPM. 2/256/2012—20

LIBRARY ARCHIVES Kerala Legislative Assembly

(ബി) എയ്ഡ്സ് രോഗികളുടെ ലിംഗം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. എന്നാൽ ഓരോ വർഷവും നടത്തുന്ന സർവൈലൻസ് പരിപാടി പ്രകാരം ഇപ്പോൾ എച്ച്. ഐ. വി. അണുബാധ നിരക്ക് പുരുഷന്മാരും സ്ത്രീകളും തമ്മിൽ 2:1 എന്ന അനുപാതത്തിലാണ്. കൂടാതെ ദേശീയ നിരക്കനുസരിച്ച് കുട്ടികളിലെ എച്ച്. ഐ. വി. അണുബാധ നിരക്ക് 5% ആണ്.

(സി) 1990 മുതൽ 2004 വരെ എയ്ഡ്സ്മൂലം 634 പേർ മരണപ്പെട്ടു. എന്നാൽ ഇവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

ശബരിമല ഡ്യൂട്ടി ചെയ്ത ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് ആനുകൂല്യ വിതരണം

115 [3813] *ശ്രീ. യു. സി. രാമൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഡ്യൂട്ടി ചെയ്ത ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് യാത്രാബത്തയും മറ്റ് അലവൻസുകളും വിതരണം ചെയ്യാറുണ്ടോ;

(ബി) ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാവാറുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതു കാലംവരെയുള്ള ആനുകൂല്യങ്ങളാണ് വിതരണം ചെയ്തത്; കുടിശ്ശിക എന്ന് കൊടുത്തു തീർക്കും എന്ന് വിശദമാക്കാമോ;

(ഡി) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ-പയമ്പ്ര ആയുർവേദ ഡിസ്പെൻസറി അറ്റൻഡർ ശ്രീ. എം. കെ. ചന്ദ്രശേഖരൻ അലവൻസുകൾ ലഭിച്ചില്ല എന്ന് കാണിച്ച് എത്ര പരാതികൾ സർക്കാരിന് സമർപ്പിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച് കൈക്കൊണ്ട നടപടി വിശദമാക്കുമോ;

(എഫ്) ശബരിമല ഡ്യൂട്ടി ചെയ്യുന്നവർക്ക് അർഹമായ ആനുകൂല്യങ്ങൾ യഥാസമയം തന്നെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ഫണ്ട് ലഭ്യമാകാതെ വരുന്ന ചില അവസരങ്ങളിൽ കാലതാമസം ഉണ്ടാകാറുണ്ട്. ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് 2002-2003 വരെയുള്ള ആനുകൂല്യം പൂർണ്ണമായി വിതരണം ചെയ്തു. 2003-2004, 2004-2005 വർഷം 24 ലക്ഷം രൂപ വിതരണം ചെയ്യുകയുണ്ടായി. അവശേഷിക്കുന്ന 3 ലക്ഷം രൂപ കുടിശ്ശിക ദേവസ്വം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫണ്ട് ലഭ്യമായ ഉടനെ കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly